©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മേയ് 11<br>11th May 2021<br>1196 മേടം 28<br>28th Medam 1196<br>1943 വൈശാഖം 21<br>21st Vaisakha 1943 | നമ്പർ<br>No. | 19 |



## PART IV

# Private Advertisements and Miscellaneous Notifications

## കാഞ്ഞങ്ങാട് നഗരസഭ

### വിജ്ഞാപനം

നമ്പർ എച്ച്1-13040/16. 2021 ഫെബ്രുവരി 16.

കേരള തെരുവ് കച്ചവട ചട്ടം [ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും, സ.ഉ (പി) നമ്പർ 15/2018 തസ്വഭവ തീയതി 12-3-2018] അദ്ധ്യായം 2, ചട്ടം (5) പ്രകാരം കാഞ്ഞങ്ങാട് നഗരസഭയിലെ നഗര കച്ചവട സമിതിയിലേക്കുള്ള തെരുവ് കച്ചവടക്കാരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. തെരുവ് കച്ചവട നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്ന ചുമതലകൾ, കൂടാതെ തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും പുനരധിവാസവും ആണ് നഗരകച്ചവട സമിതിയുടെ ചുമതല.

(ഒപ്പ്)
സെക്രട്ടറി.

### വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും നഗരങ്ങളിലെ തെരുവ് കച്ചവടം ബാഹ്യ ശക്തികളെ ഒഴിവാക്കി നഗരസഭകളുടെ നിയന്ത്രണത്തിലേക്ക് കൊണ്ടുവരുന്നതിനുമായി 2014 ഇന്ത്യൻ പാർലമെന്റ് തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവുകച്ചവട നിയന്ത്രണവും) നിയമം പാസ്സാക്കുകയുണ്ടായി. ഈ നിയമം വിഭാവനം ചെയ്യുന്നതനുസരിച്ച് സംസ്ഥാന സർക്കാർ 2018 മാർച്ച് 12-ാം തീയതിയിൽ തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവുകച്ചവട നിയന്ത്രണവും) ചട്ടം വിജ്ഞാപനം ചെയ്യുകയുണ്ടായി. തെരുവ് കച്ചവടക്കാരുടെ ക്ഷേമവും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനും, പുനരധിവാസത്തിനും, തെരുവ് കച്ചവട നിയമവും ചട്ടവും നടപ്പിലാക്കുന്നതിനും വേണ്ടിയാണ് നഗരസഭാതലത്തിൽ നഗരകച്ചവട സമിതി നിലവിൽ വന്നിട്ടുള്ളത്. തെരുവുകച്ചവട ചട്ടം അദ്ധ്യായം 2 ചട്ടം (5) പ്രകാരം പ്രസ്തുത സമിതിയിലേക്ക് തെരുവ് കച്ചവടക്കാരുടെ 9 പ്രതിനിധികളെ തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തേണ്ടതുണ്ട്. ആയതിൻ പ്രകാരം കാഞ്ഞങ്ങാട് നഗരസഭയിലെ നഗരകച്ചവട സമിതി രൂപീകരിക്കുന്നതിന് തെരുവ് കച്ചവട പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പ് നടത്തുവാൻ നഗരസഭ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.